**RASHTRIYA MADHYAMIK SHIKSHA ABHIYAN (RMSA)**
State Project Office, 7th Floor
Trans Towers, Vazhuthacaud
Thiruvananthapuram. Kerala
Ph: 0471-2331388
E_mail:rmsakerala@gmail.com

पढ़े चलो, बढ़े चलो
RASHTRIYA MADHYAMIK SHIKSHA ABHIYAN

No. A2-862/2013/RMSA

Dated: 02/09/2013

## സർക്കുലർ

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) പദ്ധതിക്കായി സ്കൂൾ തലത്തിൽ ബാങ്ക് അക്കൗണ്ട് തുടങ്ങാനായി ഈ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. ആർ.എം.എസ്.എ സർക്കാർ സെക്കന്ററി സ്കൂളുകൾക്കായി നൽകിവരുന്ന വാർഷിക ഗ്രാന്റ് ഈ അക്കൗണ്ട് മുഖേനയാണ് സ്കൂളുകൾക്ക് കൈമാറുന്നത്. പ്രസ്തുത അക്കൗണ്ടിന്റെ വിശദാംശങ്ങൾ ആർ.എം.എസ്.എ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യാനായി സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ വിവിധ സ്കൂളുകൾ അപ്‌ലോഡ് ചെയ്തിരിക്കുന്ന അക്കൗണ്ട് വിവരങ്ങൾ പരിശോധിച്ചപ്പോൾ താഴെ ചേർത്തിരിക്കുന്ന പരിമിതികൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

- വ്യക്തികളുടെ പേരിലുള്ള അക്കൗണ്ടുകൾ ചില സ്കൂളുകളിൽ നിലനിൽക്കുന്നു.
- അക്കൗണ്ടുകളിൽ ചിലത് ജോയിന്റ് അക്കൗണ്ടുകളല്ല
- ചില സ്കൂളുകളിൽ ഒന്നിലേറെ അക്കൗണ്ടുകൾ തുടങ്ങിയിട്ടുണ്ട്
- ചില സ്കൂളുകളിലുള്ളത് കറന്റ് അക്കൗണ്ടുകളാണ്

ഈ സാഹചര്യത്തിൽ ഈ സർക്കുലർ നിലവിൽ വരുന്നതുമുതൽ സ്കൂളുകളിലെ ബാങ്ക് അക്കൗണ്ടുകൾ താഴെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

- ➢ ആർ.എം.എസ്.എ യ്ക്കായി സ്കൂളുകളിൽ അക്കൗണ്ട് തുടങ്ങേണ്ടത് ഹെഡ്മാസ്റ്റർ അല്ലെങ്കിൽ പ്രിൻസിപ്പൽ & എസ്.എം.ഡി.സി വൈസ് ചെയർമാൻ എന്ന പേരിലാണ്. എസ്.എം.ഡി.സി വൈസ് ചെയർമാന്റെ സ്ഥാനം വഹിക്കേണ്ടത് സ്കൂളുകളിലെ സീനിയർ അസിസ്റ്റന്റാണ്.

- രണ്ടുപേരും ഒപ്പിടുന്ന വിധത്തിലുള്ള ജോയിന്റ് (Joint Signatory) എസ്.ബി അക്കൗണ്ടാണ് തുടങ്ങേണ്ടത്.
- പൊതുമേഖലയിലുള്ള ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കിൽ മാത്രമേ അക്കൗണ്ട് തുടങ്ങാവൂ.
- ആർ.എം.എസ്.എ യ്ക്കായി ഒരു സ്കൂളിൽ ഒരു അക്കൗണ്ട് മാത്രമേ തുടങ്ങാൻ പാടുള്ളൂ

മുകളിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിലേയ്ക്ക് എല്ലാ സ്കൂളുകളിലെയും അക്കൗണ്ടുകൾ മാറ്റുന്നതിന് ആവശ്യമായ നിർദ്ദേശം വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്കൂകൾക്ക് നൽകേണ്ടതാണ്. പുതുക്കിയ അക്കൗണ്ട് വിവരങ്ങൾ IT@School ന്റെ ജില്ലാ ഓഫീസുകളുടെ സഹായത്തോടെ ആർ.എം.എസ്.എ വെബ്സൈറ്റിൽ ഉടൻ അപ്ലോഡ് ചെയ്യേണ്ടതാണ്.

സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ
രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

പകർപ്പ്: എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ IT@School
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി